## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 381** **07.01.2014 ൽ മറുപടിയ്ക്ക്**

## അനർട്ടിന്റെ സോളാർ പാനൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷക ളാണ് അനർട്ടിന് ലഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) അനെർട്ട് നടപ്പാക്കുന്ന 10000 റൂഫ്ടോപ്പ് പദ്ധതിയിലെ ജില്ല തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം ഇതോടൊപ്പം ലഭ്യമാക്കുന്നു. |

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | കാസർഗോഡ് | 296 |
| 2 | കണ്ണൂർ | 515 |
| 3 | വയനാട് | 130 |
| 4 | കോഴിക്കോട് | 806 |
| 5 | മലപ്പുറം | 927 |
| 6 | പാലക്കാട് | 748 |
| 7 | തൃശ്ശൂർ | 1301 |
| 8 | എറണാകുളം | 1786 |
| 9 | ഇടുക്കി | 250 |
| 10 | കോട്ടയം | 953 |
| 11 | ആലപ്പുഴ | 646 |
| 12 | പത്തനംതിട്ട | 556 |
| 13 | കൊല്ലം | 726 |
| 14 | തിരുവനന്തപുരം | 1864 |
| ആകെ | | **11504** |

| | |
|---|---|
| (ബി) ഇതിൽ എത്ര വീടുകളിൽ പാനൽ സ്ഥാപിച്ചു; | (ബി) പ്രസ്തുത പദ്ധതിയിലൂടെ നാളിതു വരെയായി 5543 പേർ കമ്പനികളുമായി വർക്ക് ഓർഡറിൽ എർപ്പെടുകയും 3026 പേർ സൗരപ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്ത നങ്ങൾ പൂർത്തീകരിക്കുകയും ചെയ്തി ട്ടുണ്ട്. |

| | |
|---|---|
| (സി) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിയിലേക്കായി നാളിതുവരെയായി 11504 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ രജിസ്റ്റർ ചെയ്ത 10,000 പേർക്ക് പ്ലാന്റ് സ്ഥാപിക്കുവാൻ അനുമതി നൽകുകയും പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത അപേക്ഷകരിൽ നിന്നും കാലപരിധിക്കുള്ളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാത്തവരെ ഒഴിവാക്കി പുതിയ അപേക്ഷകർക്ക് പ്ലാന്റ് സ്ഥാപിക്കുവാൻ അനുമതി നൽകി വരുന്നു. ഈ പദ്ധതിയിലൂടെ നാളിതുവരെയായി 3026 സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുകയും ബാക്കി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ